## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 404 27.02.2018-ൽ മറുപടിക്ക്**

### നികുതി വെട്ടിച്ച് സാധനങ്ങൾ കൊണ്ടുവരുന്നത് തടയാൻ നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. സി.മമ്മൂട്ടി<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. ടി. വി. ഇബ്രാഹിം | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിലച്ചതോടെ, സാധനങ്ങൾ വൻതോതിൽ നികുതി വെട്ടിച്ച് സംസ്ഥാനത്തേക്ക് കൊണ്ടുവരുന്നതായ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കത്തിനു വേണ്ടി നടപ്പാക്കേണ്ട ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷൻ നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ഒരു പരിധി വരെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. |
| (ബി) | ഈ പ്രവണത തടയുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദീകരിക്കുമോ; | (ബി) യും (സി) യും | ഈ പ്രവണത തടയുന്നതിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-01-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കു കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായി വരും. ആയതിനുവേണ്ടി ചെക്ക് പോസ്റ്റിൽ |
| (സി) | വ്യാജ ജി.എസ്.ടി. ബില്ലുകൾ തിരിച്ചറിയാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | | |

| | | | |
|---|---|---|---|
| | | | വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർ വിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ഇ-വേ ബിൽ പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ഇ-വേ ബിൽ എടുക്കുന്നതിന് ആദ്യം ഇ-വേ ബിൽ പോർട്ടലിൽ രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ പ്രധാന മേന്മ ചരക്കുനീക്കം തുടങ്ങുമ്പോൾത്തന്നെ ഇ-വേ ബിൽ എടുക്കേണ്ടതുണ്ട് എന്നതാണ്. ഇതിനാൽ ചരക്കുനീക്കം ആരംഭിക്കുമ്പോൾ തന്നെ അതിനെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിന് ലഭ്യമാകും. |

**സെക്ഷൻ ഓഫീസർ**